പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2169 16.08.2017 ൽ മറുപടിയ്ക്ക്

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

ചോദ്യം

ശ്രീ.റോജി എം. ജോൺ
ശ്രീ.അനിൽ അക്കര
ശ്രീ.ഹൈബി ഈഡൻ
ശ്രീ.ഷാഫി പറമ്പിൽ

മറുപടി

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി "ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി" ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | ബി) | 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി"<br>2020, 2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. മേൽ സൂചിപ്പിച്ച 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | |
|---|---|---|
| 1 | ആർച്ചറി | 20 |
| 2 | അത്‌ലറ്റിക്സ് | 40 |
| 3 | ബാഡ്മിന്റൺ | 40 |
| 4 | ബോക്സിംഗ് | 20 |
| 5 | കനോയിംഗ് & കയാക്കിംഗ് | 20 |
| 6 | സൈക്ലിംഗ് | 20 |

| | | |
|---|---|---|
| 7 | ഫെൻസിംഗ് | 20 |
| 8 | റോവിംഗ് | 20 |
| 9 | ഷൂട്ടിംഗ് | 10 |
| 10 | സ്വിമ്മിംഗ് | 20 |
| 11 | റസ്‌ലിംഗ് | 20 |
| | ആകെ | 250 |

ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നിവ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലും കനോയിംഗ് & കയാക്കിംഗ് കൊല്ലത്തും, റോവിംഗ് ആലപ്പുഴയിലും, ബാഡ്മിന്റൺ എറണാകുളത്തും, ആർച്ചറി വയനാട്ടും ജില്ലകളിലായി (ഒളിമ്പിക്സ് സെന്ററുകൾ) ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| സി) | പദ്ധതിയനുസരിച്ച് പരിശീലനം നൽകാനുള്ള കായികതാരങ്ങളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ? | സി) | 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ കേരളീയ കായിക താരങ്ങളെ മെഡൽ നേടുന്നതിനു സജ്ജരാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതിയായ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ തെരഞ്ഞെടുത്ത കായിക ഇനത്തിൽ ഒളിമ്പിക് സെന്ററുകളിലേയ്ക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷന്റെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിയോഗിയ്ക്കുന്ന പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ സെലക്ഷൻ ട്രയൽസ് നടത്തി കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ